# ഗവ. എൽ.പി. സ്കൂൾ

## കൊഴുവംകുളം



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ലക്ഷ്യം



2

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് : 1

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും ഗണിതത്തിലും അവബോധം ഉണ്ടാക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

### മലയാളം

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവു നേടുക
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവുനേടുക.
- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും, വിശകലനം നടത്തുന്നതിനും, ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
- കുട്ടിയുടെ ശാരീരികവും, മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കഥകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

**പ്രവർത്തന പദ്ധതി**

**ജൂൺ**

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞുകേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

**ജൂലൈ**

- ടീച്ചറും, രക്ഷിതാക്കളും പറഞ്ഞുകേട്ട കഥകൾ മറ്റുള്ളവരുമായി പങ്കിടുകയും, കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുകയും ചെയ്യുന്നു.

**സെപ്തംബർ**

- ചിത്രവായനയ്ക്ക് അവസരങ്ങൾ നൽകുന്നു. ചിത്രവായനയിലൂടെ പ്രസക്തമായ

കാര്യങ്ങൾ വാചികമായി പങ്കിടുന്നു.

- ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.

**ഒക്ടോബർ**

- ലഘുവായന കാർഡുകൾ - വായന
- സ്വതന്ത്രമായി കഥ പറയാനുള്ള അവസരം

**നവംബർ**

- കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. സഹായത്തോടെ വായിക്കുന്നു.

**ഡിസംബർ, ജനുവരി**

- കഥാചാർട്ട് വായന
- വായനക്കാർഡുകൾ നൽകൽ

**ഫെബ്രുവരി**

- ക്ലാസ് ലൈബ്രറിയിൽ ചെറിയ ബാലസാഹിത്യ കൃതികൾ വയ്ക്കുന്നു.
- കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

**മാർച്ച്**

- ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു.
- വായനയ്ക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുനേടുന്നു.
- ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.
- കഥ പൂരിപ്പിക്കൽ.
- ഇഷ്ടപ്പെട്ട വസ്തുവിനെക്കുറിച്ച് എഴുതൽ.
- ലഘുവാക്യങ്ങളിൽ സംഭാഷണമെഴുതൽ.
- കുട്ടികളെക്കൊണ്ട് ലഘു രചനകൾ നടത്തി പതിപ്പ് തയ്യാറാക്കുന്നു.

## ഗണിതം

**ലക്ഷ്യങ്ങൾ**

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത ക്കിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്കസംഖ്യകൾ എണ്ണിയെടുക്കാനും, എഴുതാനും, വായിക്കാനും കഴിയുന്നു.
- അവരോഹണ, ആരോഹണ ക്രമത്തിലാക്കൽ.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യാ വ്യാഖ്യാനം.
- 20 - ൽ താഴെയുള്ള സംഖ്യാ വ്യാഖ്യാനം.
- 20 - ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ.
- ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

## പ്രവർത്തന പദ്ധതി

**ജൂൺ**

- വസ്തുക്കളെ താരതമ്യം ചെയ്യുന്നു. വലുത്/ചെറുത്.
- വസ്തുക്കളുടെ സ്ഥാനം വ്യക്തമാക്കുന്നു. അകത്ത്/പുറത്ത്, വലത്ത്/ഇടത്ത്.

**ജൂലൈ**

- വസ്തുക്കളെ 1 മുതൽ 5 വരെയുള്ള കൂട്ടങ്ങളാക്കൽ പ്രവർത്തനങ്ങൾ
- 1 മുതൽ 5 വരെയുള്ള സംഖ്യകളെ തിരിച്ചറിയുന്നു, വായിക്കുന്നു, എഴുതുന്നു.
- 1 മുതൽ 9 വരെയുള്ള സംഖ്യകളെ താരതമ്യം ചെയ്യുന്നു.

**ആഗസ്റ്റ്**

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

**സെപ്തംബർ**

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ (5+3=8)

- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ. (5-3=2)
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ.

**ഒക്ടോബർ**

- ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ.
- വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

**നവംബർ**

- വർക്ക്ഷീറ്റുകൾ നൽകൽ.
- ഒരക്കസംഖ്യയും, രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

  10+1=11, 10+2=12, 10+3=13.

**ഡിസംബർ**

- സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ
- വർക്ക്ഷീറ്റ് നൽകൽ

**ജനുവരി**

- ഒരക്കസംഖ്യയും, രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.
- സങ്കലനം, വ്യവകലനം(+,-) ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- സംഖ്യാ വിഖ്യാനം (1-10 വരെയുള്ള സംഖ്യകൾ).

**ഫെബ്രുവരി**

- വിലവിവരപ്പട്ടിക - പ്രശ്നവിശകലന പ്രക്രിയകളിൽ ഏർപ്പെടൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

**മാർച്ച്**

- വർക്ക്ഷാറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
- രൂപ, പൈസ തിരിച്ചറിയൽ
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ

- ഗണിതകിറ്റ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു.

## പരിസരപഠനം

**ലക്ഷ്യം**

- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാകുക.

**ജൂൺ, ജൂലൈ**

- വീടിന്റെ ആവശ്യകത തിരിച്ചറിയുന്നു.
- വീട്ടുപകരണങ്ങൾ കണ്ടെത്തുകയും, തരംതിരിക്കുകയും ചെയ്യുന്നു.
- കുടുംബത്തിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ ജോലികൾ, ചുമതലകൾ എന്നിവ മനസ്സിലാക്കുന്നു, വിശദമാക്കുന്നു.

**ആഗസ്റ്റ്**

- മഴക്കാലത്ത് ചുറ്റുമുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു. ചിത്രീകരണം, അനുഭവം പറയൽ, പരിസര നിരീക്ഷണം.
- ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- ജലജീവികളെ കണ്ടെത്തൽ.
- ജലത്തിന്റെ ഉപയോഗം - വിശദീകരണം.

**സെപ്തംബർ**

- ചെടികളെ നിരീക്ഷിക്കൽ
- സസ്യങ്ങൾക്ക് വിവിധ ഭാഗങ്ങൾ (വേര്, തണ്ട്, ഇല, പൂവ്, കായ) ഉണ്ടെന്ന് വിശദമാക്കുന്നു - ചെടി വരച്ച് പൂർത്തിയാക്കാം.
- സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ സവിശേഷത കണ്ടത്തൽ.
- ആഹാരത്തിൽ പഴങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത.
- ലഘു നിരീക്ഷണ പ്രോജക്ടുകൾ ചെയ്യുന്നു - മൺത്തടത്തിൽ കൃഷിയിറക്കാം.

**ഒക്ടോബർ**

- വിവിധ ആഘോഷങ്ങൾ തിരിച്ചറിയൽ - പട്ടികപ്പെടുത്തൽ.

- വിവിധ ആഘോഷങ്ങൾ നിരീക്ഷിച്ച് സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയൽ.
- പ്രധാന ദേശീയ ദിനാഘോഷങ്ങൾ പരിചയപ്പെടൽ.

**നവംബർ**

- വിവിധ ഭക്ഷ്യവസ്തുക്കൾ പട്ടികപ്പെടുത്തൽ.
- ആഹാരവും, ആരോഗ്യവും തമ്മിലുള്ള ബന്ധം തിരിച്ചറിയൽ.
- നല്ല ആഹാര ശീലങ്ങൾ.
- ലഘുവിവരണം - ദോശ, ലഡു.
- ആഹാരശീലങ്ങൾ - അറിയിപ്പ് ബോർഡ്.
- എന്റെ ശീലങ്ങൾ - വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം.

**ഡിസംബർ**

- ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കുന്നു.
- ജീവികളെ വീട്ടിൽ വളർത്തുന്നവ, അല്ലാത്തവ എന്നിങ്ങനെ തരംതിരിക്കുക.
- വളർത്തു ജീവികളെക്കൊണ്ടുള്ള ഉപകാരങ്ങൾ പട്ടികപ്പെടുത്തൽ

**ജനുവരി**

- നിരീക്ഷണത്തിലൂടെ വിവിധതരം കൃഷികളും, വിളകളും പട്ടികപ്പെടുത്തൽ
- കൃഷി ഉപകരണങ്ങൾ, യന്ത്രങ്ങൾ - വർഗീകരണം.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ - വിത്ത് മുളപ്പിക്കൽ.

**ഫെബ്രുവരി**

- വിവിധ വാഹനങ്ങൾ - പട്ടികപ്പെടുത്തൽ
- വാഹനങ്ങളെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാം.
- വാഹനങ്ങളെ സഞ്ചാരമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ - സഞ്ചാരം പലവിധം.
- റോഡ് നിയമങ്ങൾ മനസ്സിലാക്കൽ.
- വാർത്താവിനിമയ മാർഗ്ഗങ്ങൾ - തിരിച്ചറിയുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## മാർച്ച്

- പൊതുസ്ഥാപനങ്ങൾ കണ്ടെത്തൽ.
- എന്റെ സ്കൂൾ, ആരൊക്കെയുണ്ട്, പ്രവർത്തനം മനസിലാക്കൽ.

# ENGLISH

## Aim

Children should be able to speak, read and write simple words and sentences

## June and July

### Pretest

- To develop listening skills and reading skills first.

### Listening Skills

- Games, Action Songs, Hello English activities.
- Conversations, Stories.

### Speaking Skills

Descriptions, growing sentences, picture reading, picture description.

### Activities

- Riddles
- Self introduction
- Picture reading.

## August and September

Develop the creative speaking and writing.

### Reading Skills

- Reding cards
- Rhyming words
- Find words
- Dialogues
- Text book activities.

### Writing Skills

- Make word web
- Picture description
- Conversations
- Add more lines
- Description

### Activities

- Riddle and puzzles
- Make description

## October and November

To express thoughts, feelings etc.

### Reading Skills

- Reading cards
- Conversation, stories.

### Writing Skills

- Make word
- Picture description
- Riddle, Conversations
- Add more lines
- Concept map.

## December and January

Develop the creative speaking and writing.

### Reading skills

- Reading cards
- Conversation, stories

### Writing skills

- Make wordweb
- Write simple description
- Language games
- Action songs.

## February and March

- To improve the presentation power.

### Reading Skills

- Reading cards
- Conversation, stories

### Writing Skills

- Write word web
- Write simple sentences.
- Thoughts.
- Develop idea abut family.
- Develop family tree.
- Can read and write simple sentences.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് : 2 - 2022-23

### ആമുഖം

രണ്ടാം ക്ലാസ്സിലെ കുട്ടി ഒന്നാം ക്ലാസിലെ പഠനശേഷികൾ കൈവരിച്ചവരായിരിക്കണം. ആയതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ വികസിപ്പിക്കാൻ ഉതകുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്കും ഗ്രൂപ്പ്തല പ്രവർത്തനങ്ങൾക്കും കൂടുതൽ മുൻതൂക്കം നൽകുന്നു. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പരിപാടികൾക്ക് ഊന്നൽ നൽകുന്നു. കുട്ടികളിൽ തുല്യതയും ഗുണനിലവാരവുമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യംകൊണ്ട് സാധിക്കണം.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിലെ എല്ലാ മേഖലയിലെയും കഴിവുകൾ വികസിപ്പിക്കണം. എല്ലാ വിഷയങ്ങളിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായിതീരണം. അതാണ് ലക്ഷ്യം.

### ലക്ഷ്യങ്ങൾ

- ഗണിതപഠനം ഉല്ലാസപ്രധവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കൽ
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.
- കലാകായിക പ്രവൃത്തി, പഠനാശയങ്ങൾ, മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലേയും ഗണിതത്തിലെയും പരിസര പഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും നേടിയവരാക്കുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും വായിക്കാനും എഴുതാനും കഴിവുറ്റവരാക്കുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.
- പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ - കായികാരോഗ്യക്ഷമത ഉറപ്പാക്കുക. എറോബിക്സ്, എക്സസൈസ് എന്നിങ്ങനെയുള്ള കാര്യങ്ങൾ ശീലിപ്പിക്കുക.

- സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം, അനുകമ്പ, ദയ എന്നീ മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക, ഗുണപാഠകഥകൾ, സാൻമാർഗിക കഥകൾ എന്നിവ നൽകുക.
- ആധുനിക കാലഘട്ടത്തിൽ ജീവിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്ല്യ നീതി, സമത്വം ഇവ ഉറപ്പാക്കൽ.
- 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.

## പരിസരപഠനം

**ലക്ഷ്യം**

ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. ഈ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.

**പ്രവർത്തനങ്ങൾ**

**ജൂൺ**

- ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാവർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു.
- വളരുന്ന മരം
- നല്ല നാളേയ്ക്കുവേണ്ടി കവിത ചൊല്ലുന്നു.
- പ്രകൃതി നടത്തം. സസ്യങ്ങൾ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. നോട്ട് ബുക്കിൽ രേഖപ്പെടുത്തുന്നു.
- ഒരു മരം വരയ്ക്കുന്നു. നിറം നൽകുന്നു.
- കുട്ടികൾ തങ്ങളുടെ ചുറ്റുപാടുമുള്ള വിവിധ സസ്യങ്ങളെ കണ്ടെത്തുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

**ജൂലൈ**

- വിവിധതരം ഇലകൾ ശേഖരിച്ച് കൊണ്ടുവരുന്നു. അവയുടെ പേരുകൾ തിരിച്ചറി

യുന്നു. ഇലകളുടെ പ്രത്യേകതകൾ (ആകൃതി, മണം, നിറം, വലുപ്പം) ഇലകളെ തരംതിരിക്കുന്നു.

**ഓഗസ്റ്റ്**

- ടീച്ചർ ചില ഇലകൾ ഞെരടി കുട്ടികളെ മണപ്പിക്കുന്നു. ഭഹിച്ച് കണ്ടെത്തുന്നു. ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു. ഇലയും ഉപയോഗങ്ങളും - പട്ടിക പൂർത്തിയാക്കുന്നു.
- ഇല ആൽബം, ഇലപ്രിന്റ് ആൽബം എന്നിവ തയ്യാറാക്കുന്നു.

**സെപ്തംബർ**

- ടീച്ചർ ഒരു ചെടി പിഴുത് ക്ലാസിൽ കൊണ്ടുവരുന്നു. ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ചെടിവരയ്ക്കുന്നു. ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു.

**ഒക്ടോബർ**

- വിത്ത് മുളപ്പിക്കൽ പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു.

**നവംബർ**

- കവിത അവതരിപ്പിക്കുന്നു. ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു. ബക്കിൽ രേഖപ്പെടുത്തുന്നു.
- വിവിധ നടീൽ വസ്തുക്കൾ കൊണ്ടുവന്ന് ചെടി നടുന്നു.

## ഗണിതം

**മുന്നൊരുക്കം**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ.

**ജൂൺ**

- 1, 2, 3, 4,...............

  1, 3, 5, 7,...............

  10, 20, 30, 40,.......

5, 10, 15, 20,.........

2, 4, 6, 8, 10,......... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

- ഒരു സംഖ്യയോട് 1 കൂടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കുട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

**ജൂലൈ**

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതക്കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5+5=10, 10+10=20)

**ആഗസ്റ്റ്**

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ. 99 നോട് 1 കൂട്ടിയാൽ 100, 10 പത്തുകൾ ചേർന്നാൽ 100 ആകും, 100 ഒന്നുകൾ ചേർന്നാൽ 100.
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

**സെപ്തംബർ**

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വിലവിവരപ്പട്ടിക തയ്യാറാക്കൽ.
- ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

**ഒക്ടോബർ**

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റോണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശാനം ഉറപ്പിക്കൽ. 5, 10,

15, 20, 25, . . . . (5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ, പേപ്പർ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.

  കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിചേർത്ത് സംഖ്യ രൂപീകരിക്കൽ.

  10രൂപ+5രൂപ= 5രൂപ

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി, വ്യത്യസ്ഥ രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി, ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിതം മറ്റീരിയൽസ് ഉപോയിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.
- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
- സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## മാർച്ച്

- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

  ഗണിതാശയങ്ങൾ പ്രായോഗിക പ്രശാനത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

## മലയാളം

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- കുട്ടികളുടെ ആശയഗ്രഹണ വായന ഉറപ്പാക്കുക.
- തെറ്റുകളില്ലാതെ വ്യവഹാര രൂപങ്ങൾ രൂപപ്പെടുത്താൻ കഴിവുറ്റവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം)

### മുന്നൊരുക്കം

- പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടികളുടെ നിലവിലുള്ള അവസ്ഥ, പരിമിതികൾ, കഴിവുകൾ മനസ്സിലാക്കി വേണ്ട പിന്തുണ നൽകൽ.

### ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട് ഐ.സി.റ്റി. സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ.

**ആഗസ്റ്റ്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- ചിത്രവിവരണം.

ഭാഷാ വികസന മേഖലയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ.
- ചോദ്യങ്ങൾ ഉണ്ടാക്കൽ.
- പ്രകൃതി നടത്തം, യാത്രാവിവരണം, ഭാഷണം, ലേഖനത്തിന് അവസരമൊരുക്കൽ.

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണം എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു.
- പതിപ്പ് തയ്യാറാക്കുന്നു.
- ആന - ആൽബം തയ്യാറാക്കുന്നു.
- ആന - വായനാ കാർഡുകൾ ഒരുക്കുന്നു.

ഉദാഹരണത്തിന് ആന, വലിയ ആന, കറുത്ത വലിയ ആന.

**നവംബർ**

- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.
- എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിക്കുന്നു.

**ജനുവരി**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനു മുള്ള അവസരം ഒരുക്കൽ. (കവിതാ പൂരണം)
- ലഘു വിവരങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.
- അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നു.

**ഫെബ്രുവരി**

- ഭാഷണം, ലേഖനം, ശ്രവണം എന്നീ മേഖലകളിൽ കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പ് വരുത്തുന്നു.
- എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

**മാർച്ച്**

- വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ.
- വീട്ടുവായന, കൂട്ടുവായന, ചിത്രവായന ഇവ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ്സ് ലൈബ്രറി സക്തമാക്കൽ.
- നവമാധ്യമങ്ങളിലും പി.റ്റി.എ മീറ്റിങ്ങുകളും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ.

## English

### Aim

- To speak, Read, Write English without any mistakes.

Time : June to March

### Pretest

- To check the volabulary and writing skills of pupils.

### June and July

- To develop listening skills & reading skills.
- Listening skills.
- Games, Action songs, Hello English activities
- Conversations, skit stories



18

- Identify the naming words from the picture
- Identify the action words from the same pictures
- Make simple sentences using the action word and naming words about the picture
- Mkae symbol description about the picture
- Growing sentences, picture reading, self introduction assembly are also conducted.

## Activities

- Book review, quiz riddles, self introduction, school - radio etc.

## August and September

- Develop the creative spaking and writing.

## Reading Skills

- Newspaper reading, liabrary book reading, bbok review, reading card.
- Find words
- Collect and read past tence.
- Rhyming words.
- Discribing words etc.
- Text book activities

## Writing Skills

- Make word web
- Picture description with describing words
- Make words and sentences
- Make riddles, conversaiond, add more lines.

## Activities

- Book review, quiz riddles, self introduction, make description etc.

## October and November

- Newspaper reading, library book reading
- Conversation, skit
- Develop story
- Read notice

## Writing Skills

- Make word web
- Picture description with describing words.
- Word chain


19

- Make words, sentences
- Make riddles, conversation, add more lines

**Activities**

- Self introduction, quiz riddles, make description, etc.

**December and January**

- Develop the creative speaking and writing
- To express thoughts, feelings, etc.

**Reading Skill**

- Newspaper reading, liabrary books reading, book review.
- Conversation, skit
- Read breaking news
- Develop story
- Read diary
- Read letters from friends.

**Writing Skill**

- Diary
- Letter

**Activities**

- Quiz riddles, make magazines, skit, etc

**February and March**

- To Improve the presentation power

**Reading Skill**

- Newspaper reading, liabrary books reading
- Conversation, Skit
- Read news
- Develop story
- Read diary

## English Std - 2

**Learning outcomes**

- The Learner will be able to comprehend and enjoy simple stories, sing songs
- Construct or add two or three exchange to conversations



20

- Write thoughts relted to the context.
- Engage in role play / enact conversations.
- Frame sentences using simple adjectives
- Use the conjuction and in meaningful contexts
- Draw the picture of a bird and describe it using appropriate vocabulary.
- Describe things and situations in oral and written forms.
- Write a conversation between the characters in a story.
- Identify the names of threes and plants in his / her surroundings.
- Make puppets using available materials.
- Identifies the sounds made by different animals.
- Write short descriptions about animals.
- Arrange words in the alphabetical order.
- Undertakes simple project on animals
- Recites / sing songs or poems with proper rhythem and actions.
- Enjoy riddles and construct riddles identifying the qualities of objects.
- Follow simple instructions and do paper craft.
- Identifies the names of different games
- Identifies the value of gender equality.



21

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് : 3

## പരിസരപഠനം

**ലക്ഷ്യങ്ങൾ**

- സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരിക്കാൻ കഴിയുന്നു.
- ആകൃതിയിലും വലിപ്പത്തിലും നിറത്തിലും മണത്തിലും പൂക്കൾ വൈവിധ്യം ഉള്ള താണെന്ന് തിരിച്ചറിയുന്നു.
- ഇലകളുടെ ആകൃതി, മണം എന്നിവ നിരീക്ഷിച്ച് സസ്യത്തെ തിരിച്ചറിയാൻ കഴി യുന്നു.
- ഓരോ സസ്യത്തിന്റെ ഭക്ഷണമായി ഉപയോഗിക്കുന്ന ഭാഗങ്ങൾ തിരിച്ചറിയുന്നു.
- സസ്യഭആഗങ്ങളുടെ ധർമ്മം തിരിച്ചറിയുന്നു.
- സസ്യസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. സംരക്ഷണ പ്രവർത്തനങ്ങ ളിൽ ഏർപ്പെടുന്നു.
- സവിശേഷതകൾ പരിശേധിച്ച് വളർത്തു ജീവികളെ അവയെക്കൊണ്ടുള്ള ഉപകര ണങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- ജീവികളുടെ വൈവിധ്യമാർന്ന ആഹാരരീതിയും ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ അവ സ്വീകരിക്കുന്ന മാർഗങ്ങളും തിരിച്ചറിയുന്നു.
- മനുഷ്യന്റെ ചില ഇചപെടലുകൾ ജീവജാലങ്ങളുടെ നിലനിൽപ്പിനെ തന്നെ ഹാധി ക്കുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ആവശ്യത്തിനുള്ള മഴ ലഭിക്കുന്നുണ്ടെങ്കിലും പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ് എന്ന് തിരിച്ചറിയുന്നു.
- ജലസ്രോതസ്സുകൾ സംരക്ഷിക്കണമെന്നും ജലത്തിന്റെ അമിത ഉപയോഗം തടയ ണമെന്നും തിരിച്ചറിയുന്നു.
- ജലാശയങ്ങൾ മലിനമാകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അത് തടയാൻ ഉള്ള മനോഭാവം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഈച്ച, കൊതുക്, എലി ഇത്തരം ജീവികൾ പരത്തുന്ന രോഗങ്ങളെക്കുറിച്ചും വരാ തിരിക്കാൻ എടുക്കേണ്ട മുൻകരുതലുകളും മനസിലാക്കുക.

- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു.
  പോശകങ്ങളടങ്ങിയ ഭക്ഷണസാധനങ്ങൾ ഭക്ഷണത്തിൽ ഉൾപെടുത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.
- സ്വന്തമായി പച്ചക്കറിത്തോട്ടം നിർമിക്കാനും കൃഷിയിടങ്ങൾ സംരക്ഷിക്കാനുമുള്ള മനോഭാവം ഉണ്ടാകുന്നു.
- ഓരോ തൊഴിലിന്റെയും മാഹാത്മ്യം കൂടി തിരിച്ചറിയുന്നതിലൂടെ ഭാവിയിൽ ഏത് തൊഴിലിലും തനിക്ക് ഏർപ്പെടാമെന്നുള്ള മനോഭാവം കുട്ടിയിൽ ഉണ്ടാക്കുന്നു.
- ചിത്രശലഭങ്ങളെയും മറ്റു ജീവികളുടെയും പ്രാധാന്യം തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാകുന്നു.
- മണ്ണിന്റെ മഹത്വം കുട്ടികൾ തിരിച്ചറിയുന്നു. മണ്ണ് സംരക്ഷിക്കപ്പെടേണ്ടതാണെന്ന് മനസ്സിലാക്കുന്നു.
- റോഡ് നിയമങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നു.
- കേരളത്തെക്കുറിച്ച് ഒരു പ്രാഥമിക അറിവ് ഉണ്ടാകുന്നു.
- പാർപ്പിടത്തിന്റെയും വസ്ത്രത്തിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നു.
- പാർപ്പാടവും വസ്ത്രവുമില്ലാത്തവരുടെയും അതുപോലെ സമൂഹത്തിൽ പ്രയാസമനുഭവിക്കുന്നവരുടെയും വേദനകൾ മനസിലാക്കി അവരെ സഹായിക്കാനുള്ള മനോഭാവം ഉണ്ടാകുന്നു.

## പ്രവർത്തന പദ്ധതി

### ജൂൺ

- നിരീക്ഷണം - സസ്യങ്ങൾ
- പട്ടികപ്പെടുത്തൽ
- കുറിപ്പ് തയ്യാറാക്കൽ - ആശയം കണ്ടെത്തൽ
- നിർമ്മാണം - പൂക്കൾ
- പരീക്ഷണം
- ചിത്രരചന - സസ്യഭാഗങ്ങൾ
- വിത്തുമുളപ്പിക്കൽ
- തൈ നടൽ

**ജൂലൈ**

- ചർച്ച
- പട്ടികപ്പെടുത്തൽ
- നിരീക്ഷണം
- നിർമാണ പ്രവർത്തനങ്ങൾ
- അക്ഷരചിത്രങ്ങൾ വരയ്ക്കൽ
- വിവരം ശേഖരിക്കൽ
- ചിത്ര ആൽബം തയ്യാറാക്കൽ
- വിരൽ ചിത്രങ്ങൾ രൂപീകരണം
- പോസ്റ്റർ, പ്ലക്കാർഡുകൾ നിർമ്മാണം.

**ആഗസ്റ്റ്**

- പ്രകൃതി നിരീക്ഷണം
- ചർച്ച
- പട്ടികപ്പെടുത്തൽ
- വീഡിയോ പ്രദർശനം - പത്രവാർത്ത - ജലക്ഷാമം
- അനുഭവം പങ്കുവയ്ക്കൽ
- ജലം പാഴായിപോകുന്ന സന്ദർഭങ്ങൾ - ചർച്ച
- പട്ടികപ്പെടുത്തൽ
- വിലയിരുത്തൽ
- ലഘുപരീക്ഷണം
- പോസ്റ്റർ നിർമ്മാണം
- വീഡിയോ പ്രദർശനം
- പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം

**സെപ്തംബർ**

- ചർച്ച
- താരതമ്യപ്പെടുത്തൽ


24

- ലിസ്റ്റിഗ്
- നിരീക്ഷണം
- ഡ്രൈ ഡേ ആചരണം
- വേസ്റ്റ് ബിൻ നിർമ്മാണം
- ഒ.ആർ.എസ്. ലായനി തയ്യാറാക്കൽ
- ചെക്ക്ലിസ്റ്റ് തയ്യാറാക്കൽ
- ക്ലബ് പ്രവർത്തനം - ശുചിത്വസേന

**ഒക്ടോബർ**

- ലിസ്റ്റിംഗ്
- ചർച്ച
- വായനാകുറിപ്പ് - ആശയം കണ്ടെത്തൽ
- പട്ടികപ്പെടുത്തൽ
- പച്ചക്കറി സാലഡ് നിർമ്മാണം
- വൃത്തിയുള്ള കൈകൾ - ലഘുപരീക്ഷണം
- ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്ന സന്ദർഭങ്ങൾ - ചർച്ച - ലിസ്റ്റിഗ്
- സ്കൂൾ ഉച്ചഭക്ഷണ വിഭവങ്ങൾ പട്ടികപ്പെടുത്തൽ
- പോസ്റ്റർ നിർമ്മാണം
- വിവര ശേഖരണം

**ഒക്ടോബർ**

- ചിത്രകഥയുടെ നാടകാവിഷ്ക്കാരം
- പിറന്നാളാഘോഷം - ചർച്ച
- പട്ടിക പൂർത്തിയാക്കൽ
- തൊഴിലുകൾ - ലിസ്റ്റിഗ്
- സർവ്വേ
- ചിത്രവായന
- നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ - ചിത്രവായന - ചർച്ച

- വീഡിയോ
- കുറിപ്പെഴുതൽ
- വസ്ത്രനിർമാണരീതി - ഘട്ടങ്ങൾ
- തൊഴിൽ ഉപകരണ, അവയുടെ ഉപയോഗം - പട്ടിക അപഗ്രഥിക്കൽ
- ആൽബം തയ്യാറാക്കൽ
- ചർച്ച - തൊഴിലിന്റെ മാഹാത്മ്യം

**നവംബർ**

- പൂമ്പാറ്റകളുടെ പേര് - ലിസ്റ്റിഗ്
- ആൽബം തയ്യാറാക്കൽ
- ചിത്രശലഭങ്ങളുടെ ജീവിതചക്രം - നിരീക്ഷണം - വീഡിയോ ക്ലിപ്പിങ്ങ്
- ജീവിതചക്രം വരയ്ക്കൽ
- ശലഭക്കാർഡ് നിർമാണം
- പൂമ്പാറ്റകൾ സംരക്ഷിക്കപ്പെടേണ്ടവയാണ് - ചർച്ച

**നവംബർ - ഡിസംബർ**

- പ്രകൃതി നിരീക്ഷണം
- പട്ടികപ്പെടുത്തൽ
- ആശയം കണ്ടെത്തൽ
- കല്ലുകൾ കൂട്ടിയുരയ്ക്കൽ പരീക്ഷണം
- വിവിധ മണ്ണുകൾ ശേഖരിച്ച് ആൽബം
- ലഘു പരീക്ഷണം
- മണ്ണ് നിരീക്ഷണം
- പോസ്റ്റർ നിർമ്മാണം
- ഫീൽഡ്ടിപ്പ്
- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ

**ഡിസംബർ**

- വാർത്താകൊളാഷ് വിശകലനം

- പട്ടികപ്പെടുത്തൽ
- ചർച്ച
- വായനാക്കുറിപ്പിൽ നിന്ന് ആശയം കണ്ടെത്തൽ
- സീബ്രാലൈൻ ചിത്ര നിരീക്ഷണം
- വീഡിയോ പ്രദർശനം
- വാഹനമോടിക്കാം - കളി
- റോഡ് നിയമങ്ങൾ - ചെക്ക്ലിസ്റ്റ് പൂരിപ്പിക്കൽ

## ജനുവരി

- ചിത്രവായന
- ചിത്രങ്ങൾ തിരിച്ചറിയൽ
- ഭൂപടവായന
- ജില്ലകൾ - വേരെഴുതൽ
- വിവരങ്ങൾ എഴുതൽ

## ഫെബ്രുവരി

- കപ്പിത്താന്റെ യാത്ര - വിവരണം
- ഭൂമിയുടെ ചിത്രം വരയ്ക്കൽ
- ആകാശനിരീക്ഷണം
- പരീക്ഷണം
- ഗ്ലോബ് നിരീക്ഷണം

## മാർച്ച്

- വീട് കൊണ്ടുള്ള പ്രയോജനങ്ങൾ - ചർച്ച
- പട്ടികയിൽ നിന്ന് വിവരശേഖരണം
- പട്ടികപ്പെടുത്തൽ
- വീട് നിർമാണം - ചർച്ച
- വീഡിയോ പ്രദർശനം
- പാർപ്പിടമില്ലാത്തവർ - ചർച്ച

## ഗണിതം

### ലക്ഷ്യങ്ങൾ

- 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
- മൂന്നക്കസംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലെഴുതുന്നു.
- പ്രശ്നപരിഹരണത്തിന് മൂന്നക്ക സംഖ്യകൾ ഉപയോഗിക്കുന്നു.
- ഒരു മൂന്നക്ക സംഖ്യയോട് മറ്റൊരു മൂന്നക്ക സംഖ്യ കൂട്ടി തുക കാണുന്നു
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവകലനം ഉപയോഗിക്കുന്നു.
- ചതുരം, വട്ടം, ത്രികോണം ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു.
- ത്രിമാന രൂപങ്ങൾ ഉണ്ടാക്കുന്നു.
- പ്രായോഗിക സന്ദർഭങ്ങളിൽ പ്രശ്നപരിഹരണത്തിന് ഗുണനക്രിയ ഉപയോഗിക്കുന്നു.
- വാച്ച്, ക്ലോക്ക് ഇവ നോക്കി സമയം പറയുന്നു.
- കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം മാസങ്ങളിലെ തീയതികൾ, വിശേഷദിവസങ്ങൾ എന്നിവ കണ്ടെത്തുന്നു.
- പ്രശ്നപരിഹരണത്തിന് ഗുണനവസ്തുതകൾ ഉപയോഗിക്കുന്നു.
- മീറ്റർ, സെന്റീമീറ്റർ ടേപ്പ്/സ്കെയിൽ ഉപയോഗിച്ച് നീളം കൃത്യമായി അളക്കുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹരണക്രിയ ഉപയോഗിക്കുന്നു.
- ത്രാസ് ഉപയോഗിച്ച് കൃത്യമായി ഭാരം അളക്കുന്നു.
- ചിത്ര രൂപത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളെ ആവശ്യത്തിനനുസരിച്ച് പട്ടികപ്പെടുത്തുന്നു.

### പ്രവർത്തന പദ്ധതി

#### ജൂൺ

- പട്ടിക പൂർത്തിയാക്കൽ
- വ്യാഖ്യാനിക്കൽ
- സ്ഥാനവില കണ്ടെത്തൽ
- താരതമ്യം ചെയ്യൽ

#### ജൂലൈ

- സംഖ്യാ ജോഡികൾ കണ്ടെത്തുന്നു.

- രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനം
- അപഗ്രഥിക്കൽ
- ഊഹിച്ചുപറയൽ
- താരതമ്യം ചെയ്യൽ
- വ്യത്യസ്ത വഴികൾ അന്വേഷിക്കൽ
- പട്ടികപ്പെടുത്തൽ
- നിഗമനം രൂപീകരിക്കൽ

**ആഗസ്റ്റ്**

- താരതമ്യം ചെയ്യൽ
- പരസ്പര ബന്ധം കണ്ടെത്തൽ
- സംഖ്യയെ വ്യാഖ്യാനിക്കൽ
- അപഗ്രഥിക്കൽ
- പ്രശ്ന നിർണ്ണയം
- പ്രയോഗം
- പട്ടികപ്പെടുത്തൽ
- ക്രമീകരിക്കൽ
- തരംതിരിക്കൽ
- വ്യാഖ്യാനം

**സെപ്തംബർ**

- പ്രശ്നപരിഹരണം
- ഗുണന വസ്തുകളുടെ രൂപീകരണം
- പട്ടികപ്പെടുത്തൽ
- പ്രായോഗിക പ്രശ്നങ്ങളുടെ അപഗ്രഥനം
- പുതിയ പാറ്റേണുകളുടെ രൂപീകരണം

**ഒക്ടോബർ**

- അപഗ്രഥനം


29

- താരതമ്യം ചെയ്യൽ
- നിഗമന രൂപീകരണം
- പ്രയോഗിക്കൽ

**നവംബർ**

- പ്രായോഗിക പ്രശ്നങ്ങളിടെ വിശകലനം
- അപഗ്രഥനം
- പ്രശ്ന പരിഹരണം

**ഡിസംബർ**

- പരസ്പരബന്ധം കണ്ടെത്തൽ
- പ്രായോഗിക പ്രശ്നപരിഹരിക്കൽ
- കൃത്യമായി അളക്കൽ
- മതിച്ചുപറയൽ
- അപഗ്രഥിക്കൽ
- പ്രയോഗിക്കൽ

**ജനുവരി**

- പ്രശ്നാപഗ്രഥനം
- വ്യത്യസ്തവഴികൾ അന്വേഷിക്കൽ
- ഹരണം
- പരസ്പരബന്ധം കണ്ടെത്തൽ

**ഫെബ്രുവരി**

- ഊഹിക്കൽ
- പരസ്പരബന്ധം കണ്ടെത്തൽ
- പ്രശ്നരൂപീകരണം
- പട്ടികപ്പെടുത്തൽ
- ഭാരം അളക്കൽ
- നിഗമന രൂപീകരണം

- താരതമ്യം ചെയ്യൽ
- അപഗ്രഥനം
- വ്യത്യസ്തവഴികൾ അന്വേഷിക്കൽ
- വ്യാഖ്യാനിക്കൽ

## മാർച്ച്

- വിവരശേഖരണം
- നിരീക്ഷണം
- അപഗ്രഥനം
- വിശദീകരണം
- പട്ടികപ്പെടുത്തൽ
- വ്യാഖ്യാനിക്കൽ
- നിഗമന രൂപീകരണം

# മലയാളം

## ലക്ഷ്യങ്ങൾ

- കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ ഉചിതമായ വ്യവഹാര രൂപങ്ങൾ എഴുതി അവതരിപ്പിക്കുന്നു.
- ചിഹ്നം തിരിച്ചറിഞ്ഞ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- മറ്റുള്ളവരുടെ രചനകൾ വിലയിരുത്തുകയും സ്വന്തം രചനകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- നാടൻ പാട്ടുകൾ മുതലായ ശബ്ദസൗന്ദര്യം തിരിച്ചറിഞ്ഞ് ആലപിക്കുന്നു.
- സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.
- കത്തുകൾ തയ്യാറാക്കുന്നു.
- യാത്രാ വിവരണങ്ങൾ, ആസ്വാദനക്കുറിപ്പ്, കഥകൾ തയ്യാറാക്കുക.


31

## പ്രവർത്തനം

### ജൂൺ

- സംഭാഷണം
- ഈണത്തിൽ പാടൽ
- ചിത്രത്തിലുള്ളവരെ കണ്ടെത്തൽ
- കവിതയിൽ നിന്ന് കഥ
- ആശയം എഴുത്ത്
- മഹദ്വചനങ്ങൾ ശേഖരിക്കൽ
- ഓർമ്മകൾ കുറിപ്പാക്കൽ

### ജൂലൈ

- ചിത്രവായന
- ശരീരാവ്യവായന
- കവിതാലാപനം
- കുറിപ്പുകൾ തയ്യാറാക്കൽ
- സംഭാഷണം രചിക്കൽ
- ചോദ്യനിർമ്മാണം
- വിവരണം കണ്ടെത്തൽ
- കാവ്യഭംഗി കണ്ടെത്തൽ
- വ്യവഹാരരൂപം മാറ്റിയെഴുതൽ

### ആഗസ്റ്റ്

- ആശയം എഴുതാം
- പഴഞ്ചൊല്ല് പൂർത്തിയാക്കാം
- കഥ പറയൽ
- ഈണം കണ്ടെത്തി ചൊല്ലൽ
- വിവരണം തയ്യാറാക്കൽ
- തലക്കെട്ട് നൽകൽ

- നാടൻപാട്ടുകൾ ശേഖരണം - അവതരണം
- കൃഷിപ്പതിപ്പ് നിർമ്മാണം

**സെപ്തംബർ**

- ആശംസാ കാർഡ് നിർമ്മാണം / അയയ്ക്കൽ
- ക്രമപ്പെടുത്തി എഴുതൽ
- സംഭാഷണം രചിക്കൽ
- സങ്കൽപ്പിച്ചെഴുതൽ
- തലക്കെട്ടു നൽകൽ, നിറം കൊടുക്കൽ
- ഈണം നൽകൽ
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ
- വ്യക്തിഗതവായന, മൗന വായന

**ഒക്ടോബർ**

- ഈണം പാടൽ
- ഐശയറ് എഴുത്ത്
- കവിതാ രചന
- ചോദ്യനിർമാണം
- കുറിപ്പ് തയ്യാറാക്കൽ
- പ്രസംഗം തയ്യാറാക്കൽ

**നവംബർ**

- സംഭാഷണം രചന
- റോൾപ്ലേ
- ഡയറിക്കുറിപ്പുകൾ
- പട്ടം നിർമ്മാണം
- സ്വതന്ത്രരചന
- വാക്യരചന
- ചിത്രത്തെ കഥയാക്കൽ



33

### ഡിസംബർ

- ഈണം നൽകൽ
- സങ്കൽപ്പങ്ങളും മോഹങ്ങളും എഴുതൽ
- വരികൾ കൂട്ടിച്ചേർക്കൽ
- ചൊല്ലി രസിക്കൽ
- കഥയെഴുതി അവതരിപ്പിക്കൽ
- തലക്കെട്ടു നൽകൽ
- ആശയവ്യക്തതയോടെയും ഉച്ചാരണശുദ്ധിയോടെയുമുള്ള വായന
- ശാസ്ത്രകഥകളും ഫാൻസികളും ശേഖരിക്കൽ
- സംഭാഷണം രചിക്കൽ
- അഭിനയം

### ജനുവരി

- ഈണം നൽകൽ
- ചോദ്യനിർമാണം
- മഹാൽവരുമായി ബന്ധപ്പെട്ട കഥശേഖരണം
- കുറിപ്പ് തയ്യാറാക്കൽ
- വാർത്തകൾ ശേഖരിക്കൽ
- കഥകൾ ശേഖരിക്കൽ

### ഫെബ്രുവരി - മാർച്ച്

- പുതിയ പദങ്ങൾ അർത്ഥബോധത്തോടെ പുത്തൻ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു
- പകരം പദങ്ങൾ കണ്ടെത്തുന്നു.
- കവിതയുടെ ഈണം കണ്ടെത്തി ചൊല്ലുന്നു.
- അത്മഭാഷണരൂപത്തിൽ രചന നടത്തുന്നു.
- കടങ്കഥകൾക്ക് രൂപം നൽകൽ
- അറിയിപ്പുകൾ തയ്യാറാക്കുന്നു.
- വാർത്തകൾ തയ്യാറാക്കി വായിക്കുന്നു.
- കത്തുകൾ തയ്യാറാക്കുന്നു.



34

## English

### Aims

- Identifies the birds, animals and other objects around us
- Read and conprehends simple picture stories and enjoy poems
- Adds more exchange to the conversation suitable to the content
- Rearrange jumped pictures in proper sequence
- Add new event to the dtory
- Identifies rhyming words from the poem
- Write short descriptions about themselves and their families
- Adds line to a poem following a set patern
- Uses simple English while answering interaction questions
- Under stands simple questions
- Makes simple riddles
- Undertake simple projectwork
- Describes pictures, place
- Constructs dialogues appropriate to the content
- Prepare birthday cards
- Observe different birds and describing them
- Reads and understands the given stories and poems

### June - July

- Conversation
- Story
- Song - Adding lines
- Concept map of animals and their young ones
- Project work
- Tracing words from a puzzle
- Completing sentences using contracted forms

### August - September

- Story
- Poem
- Description
- Pictures

- Completion of picture foming dots
- Identifing rhyming words
- Selecting suitable words and completing the passage
- Write about on self and others
- Project work

**October - November**

- Story
- Poem
- Picture glossary
- Dialogue
- Picture
- Sentence completion
- Writing description
- Making masks
- Roleplay
- Making Signbords
- Giving instruchirs

**December**

- Story
- Poem
- Pictures
- Narrative
- Writing conversation
- Writing sentences begining with 'if'
- Completing word web
- Describing places
- Describing persons and their activities
- Classifing food items
- Project

**January**

- Story
- Poem


36

- Advertisement
- Newsreport
- News feature
- Cartoon
- Address tag
- Writing conversation
- Vocabulary - listing of house hold items, furniture and sanitory items
- Making of dish and listing its ingredients
- Preparing address tags
- Seleting appropriate titles for the new items

**February**

- Story
- Poem
- Letter
- Description
- Identifying rhyming words
- Writing thoughts
- Preparing desptions
- Describing a routine
- Finding out smaller words hidden in large words
- Giving suggestions
- Project work
- Preparing narrative

**March**

- Story
- Poem
- Description
- Identifying rhyming words
- Making words related to the given pictures
- Identifing the picture
- Describing the pictury orally
- Describing birds

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് : 4

### മലയാളം

**ലക്ഷ്യങ്ങൾ**

- സഹജീവികളോട് സ്നേഹപൂർവ്വം പെരുമാറാനുള്ള മനോഭാവം വളർത്തുക
- മനുഷ്യന് പ്രകൃതിയിൽ നിന്ന് വേറിട്ട നിലനിൽപ്പില്ല എന്ന ബോധം കുട്ടികളിൽ വളർത്തുക
- നമ്മുടെ സംസ്ക്കാരത്തിന്റെ ഇന്നലകളെ തിരിച്ചറിയുക
- ശാരീരികമായ ഉല്ലാസത്തിനുമാത്രമല്ല വിജ്ഞാനത്തിനും വിനോദത്തിനും കുട്ടികളികൾ പ്രയോജനപ്പെടുത്താം.
- മലയാളികളുടെ പഴയകാല ആഹാരശീലങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം
- പ്രകൃതിഭംഗിയും കലാപാരമ്പര്യവും ഒത്തുചേർന്ന ജൻമനാടിന്റെ ഈടുവെയ്പ്പുകൾ പുതുതലമുറയ്ക്ക് കൈ മാറുക
- കരയിലും കടലിലും ആകാശത്തിലും നമ്മെ വിസ്മയിപ്പിക്കുന്നവയിലേക്ക് കണ്ണും കാതും മനസ്സും തുറക്കുക.
- ദേശീയ ബോധവും, ത്യാഗ മനോഭാവവും കുട്ടികളിൽ വളർത്തിയെടുക്കുക

**പ്രവർത്തന പദ്ധതി**

**ജൂൺ**

- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- അനുഭവക്കുറിപ്പ് തയ്യാറാക്കുക
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക
- സമാന കവിതകൾ ശേഖരിക്കുന്നു
- പാഠത്തിലെ ആശയത്തെ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുന്നു.

**ജൂലൈ**

- സന്ദർഭാനുസരണമുള്ള രചനകൾ തയ്യാറാക്കൽ
- കുറിപ്പ്, വിവരണം എന്നിവ തയ്യാറാക്കൽ
- കവിതകൾ ഈണത്തിലും, താളത്തിലും ചൊല്ലുന്നു.

- സമസ്തപദങ്ങൾ പിരിച്ചെഴുതുകയും, ചേർത്തെഴുതുകയും ചെയ്യുന്നു.
- ഉചിതമായ രീതിയിൽ കഥ പൂർത്തീകരിക്കുന്നു.
- പാഠഭാഗത്തെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ, വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു.

**ആഗസ്റ്റ്**

- ഓണവുമായിബന്ധപ്പെട്ട നാടൻ പാട്ടുകൾ, കഥകൾ, കവിതകൾ എന്നിവ അവതരിപ്പിക്കുന്നു.
- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- പഴയകാല വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ
- ഓണപതിപ്പ് തയ്യാറാക്കുന്നു
- പഴയകാല കാർഷിക സംസ്കൃതിയിലേക്ക് ഒരു എത്തിനോട്ടം

**സെപ്തംബർ**

- ഉച്ചാരണ ശുദ്ധിയോടുകൂടിയുള്ള വായന
- തത്സമയ, വിവരണം, വിളമ്പരം എന്നിവ തയ്യാറാക്കുന്നു
- കഥയെ നാടകമാക്കുന്നു
- ആസ്വാദന്കുറിപ്പ് തയ്യാറാക്കൽ
- വായ്ത്താരികൾ ശേഖരിക്കുന്നു

**ഒക്ടോബർ**

- കവിത ചൊല്ലൽ
- ചെല്ലുകൾ, കടങ്കതകൾ, ശൈലികൾ എന്നിവ വ്യാഖ്യാനിക്കുന്നു
- ഭക്ഷണ ശീലത്തെക്കുറിച്ച് ചർച്ച
- പ്രസംഗം തയ്യാറാക്കൽ
- പോസ്റ്റർ നിർമ്മാമം
- പ്രകൃതി ദൃശ്യത്തെ ചിത്രീകരിക്കുന്നു
- നാട്ടു ഭക്ഷണത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു

**നവംബർ**

- കവിത ഈണത്തിൽ ആസ്വദിച്ചു ചൊല്ലുന്നു

- പ്രകൃതി വർണ്ണന തയ്യാറാക്കുന്നു.

കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിക്കുന്നു. ചൊല്ലുന്നു

**ഡിസംബർ**

- വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കുന്നു
- കവിതയിലെ ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു
- കഥകളിയെക്കുറിച്ച് കുറിപ്പ്, ആൽബം എന്നിവ തയ്യാറാക്കുന്നു

**ജനുവരി**

- പ്രപഞ്ച വിസമയത്തെക്കുറിച്ച് ലഘു ചർച്ച
- ലഘു വിവരങ്ങൾ തയ്യാറാക്കൽ
- ഭാവാത്മകമായി കവിത ചൊല്ലുന്നു
- കവിതാ രചന

**ഫെബ്രുവരി**

- താരതമ്യക്കുറിപ്പ് തയാറാക്കുന്നു
- യാത്രാ വിവരണങ്ങൾ തയ്യാറാക്കൽ
- രചനകളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർക്കുന്നു
- പ്രകൃതി ദൃശ്യങ്ങളെ വർണ്ണിച്ചെഴുതുന്നു

**മാർച്ച്**

- വാക്യരചന
- പത്രവാർത്ത തയ്യാറാക്കുന്നു
- വിവരണം തയ്യാറാക്കൽ
- നിവേദനം, ജീവചരിത്രക്കുറിപ്പ് തയാറാക്കുന്നു
- അഭിനന്ദന കത്ത് തയ്യാറാക്കുന്നു

## പരിസര പഠനം

**ലക്ഷ്യങ്ങൾ**

- പരിസര സൗഹൃദ മനോഭാവം രൂപപ്പെടണം
- സസ്യലോകത്തെ വൈവിദ്യങ്ങൾ കൂടുതലായി അറിയുന്നു

- ദേശസ്നേഹം, ദേശാഭിമാനം എന്നിവ വളർത്തുന്നു.
- പക്ഷികളെ സംരക്ഷിക്കേണ്ടത് പ്രകൃതിയുടെ സംതുലനത്തിന് അനിവാര്യം ആണെന്ന് തിരിച്ചറിയുക
- കേരളത്തിന്റെ സാംസ്കാരിക പൈതൃകം തിരിച്ചറിയുന്നു
- ബഹിരാകാശ ശാസ്ത്രത്തെ മനസ്സിലാക്കുന്നു
- ചുറ്റുമുള്ള അചേതന വസ്തുക്കളുടെ സൂക്ഷ്മതലങ്ങൾ തിരിച്ചറിയുന്നു
- തന്റെ പ്രദേശത്തെ സവിശേഷതകൾ തിരിച്ചറിയുന്നു
- സ്വന്തം രാജ്യത്തെക്കുറിച്ച് അഭിമാന ബോധം ഉള്ളവരാക്കുക
- വിവര വിനിമയ രംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിയുക
- അപകടത്തിൽപ്പെടുന്നവരെ സഹായിക്കേണ്ടത് തന്റെ കർത്തവ്യമാണ്
- പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നൽകുന്ന സേവനങ്ങളും മനസ്സിലാക്കുക

**പ്രവർത്തന പദ്ധതി**

**ജൂൺ**

- ചിത്ര വായന
- നിരീക്ഷണം
- ഫീൽഡ് ട്രിപ്പ്
- പട്ടികപ്പെടുത്തൽ (കരയിൽ/ജലത്തിൽ/കരയിലും ജലത്തിലും)
- തരംതിരിക്കൽ
- വിവരശേഖരണം
- ഐസിടി സാധ്യത
- ചർച്ച
- ചിത്ര നിരീക്ഷണം
- വായനക്കുറിപ്പ്
- പോസ്റ്റർ രചന - ചിത്രവായന
- ചിത്രവിശകലനം

**ജൂലൈ**

- നിരീക്ഷണം (വേരുപടലം) (സിരാവിന്യാസം)

- പട്ടികപ്പെടുത്തൽ
- ചിത്രം നിരീക്ഷിക്കൽ
- ചിത്രം വരയ്ക്കൽ
- ലഘു പരീക്ഷണം
- ലഘു പ്രോജക്ട്
- വളർച്ചാഘട്ടങ്ങൾ നിരീക്ഷിക്കൽ (പയർ/കടല)

**ആഗസ്റ്റ്**

- വാർത്താ കോളങ്ങളുടെ വിശദീകരണം
- കുറിപ്പ് വായന
- വിവര ശേഖരണം
- പട്ടിക വിപുലീകരിക്കൽ
- മുദ്രാവാക്യങ്ങൾ വിശകലനം ചെയ്യൽ
- ചിത്ര വായന
- കുറിപ്പ് തയ്യാറാക്കൽ
- സ്വാതന്ത്ര്യ സമര ഗാനങ്ങൾ ശേഖരിക്കൽ
- നിരീക്ഷിക്കൽ
- ഫീൽഡ്ട്രിപ്പ്
- റഫറൻസ്
- ചിത്ര നിരീക്ഷണം, ചർച്ച
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

**സെപ്തംബർ**

- വളഅളംകളി -വീഡിയോ
- ചിത്രങ്ങൾ
- ആൽബങ്ങൾ
- വായനക്കുറിപ്പുകൾ
- നിർമ്മാണ പ്രവർത്തനം



42

- പട്ടിക
- കുറിപ്പ്
- ലഘു പരീക്ഷണം
- ആകാശ നിരീക്ഷണം
- കലണ്ടർ വായന
- ചിത്രശേഖരണം
- ലഘു ലേഖകൾ/പത്ര കട്ടിംഗ് എന്നിവ ഉപയോഗിച്ചുള്ള ചർച്ച

**ഒക്ടോബർ**

- ലഘു പരീക്ഷണങ്ങൾ
- പട്ടികപ്പെടുത്തൽ
- ചർച്ച
- വായുവിലെ ജലബാഷ്പം കണ്ടെത്തുന്നു
- തരംതിരിക്കൽ
- പട്ടിക അപഗ്രഥിച്ച് നിഗമനത്തിലെത്തൽ

**നവംബർ**

- ഭൂപട വായന
- സവിശേഷതകൾ - കുറിപ്പ് തയ്യാറാക്കൽ
- സൂചിക പരിചയപ്പെടൽ
- പൊതുവായ ചിഹ്നങ്ങൾ പരിചയപ്പെടൽ
- ഭൂപടത്തിന്റെ രൂപരേഖയിൽ ചിത്രീകരിക്കൽ
- ദിശാ ചിഹ്നത്തെക്കുറിച്ച് ധാരണനേടൽ
- ക്ലാസ്റൂമിന്റെ രേഖാചിത്രം വരയ്ക്കൽ
- വശങ്ങൾ, ദിക്കുകൾ, ധാരണ നേടൽ
- വടക്കുനോക്കി യന്ത്രം പരിചയപ്പെടൽ
- ഭൂപട വായന :

  അപഗ്രഥിച്ച് ഉത്തരം കണ്ടെത്തൽ

സ്വന്തം സ്കൂളിന്റെ രേഖാചിത്രം വരയ്ക്കൽ

പട്ടികപ്പെടുത്തൽ

വിഭവങ്ങൾ ചിത്രീകരിക്കൽ

- സ്വന്തം ജില്ലയുടെ രേഖാചിത്രത്തിൽ വിഭവങ്ങൾ ചിത്രീകരിക്കൽ

**ഡിസംബർ**

- ചിത്രവായന
- ചിത്രങ്ങൾ തിരിച്ചറിയൽ
- പട്ടികപ്പെടുത്തൽ
- ഭൂപട വായന
- സംസ്ഥാനങ്ങളുടെ പേരെഴുതൽ
- നിറം കൊടുക്കാം
- ചർച്ച
- പട്ടിക പൂർത്തിയാക്കൽ

**ജനുവരി**

- വായനക്കുറിപ്പ്
- ചിത്രങ്ങൾ
- ചർച്ച
- പ്രദർശനം
- ഫീൽഡ് ട്രിപ്പ്
- ഇന്റർനെറ്റ്
- വിവര/ചിത്ര ശേഖരണം

**ഫെബ്രുവരി**

- ചർച്ച
- പട്ടികപ്പെടുത്തൽ
- വാർത്തക്കുറിപ്പ് - ചർച്ച
- വായന



44

- അഭിമുഖം
- പരിശീലനം
- ഫസ്റ്റ്എയ്ഡ് ബോക്സ്

മാർച്ച്

- വിവിര ശേഖരണം
- അഭിമുഖം
- പ്രാദേശിക ചരിത്ര രചന
- ഫീൽഡ് ട്രിപ്പ്
- ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ
- ചിത്ര ശേഖരണം
- ചർച്ചാക്ലാസ്സ്
- കുറിപ്പ് തയ്യാറാക്കൽ
- വായനക്കുറിപ്പ്

## ഗണിതം

**ലക്ഷ്യങ്ങൾ**

- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് തുടങ്ങി പതിനായിരം വരെ തുടർച്ചയായി എഴുതുന്നു.
- നാലക്ക സംഖ്യകൾ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുകയും വായിക്കുകയും ചെയ്യുന്നു.
- സംഖ്യാ ശ്രേണിയുടെ യുക്തി കണ്ടെത്തുന്നു.
- ക്ലോക്കിൽ സമയത്തെ മിനിട്ട്, സെക്കൻഡ്, മണിക്കൂർ, എ.എം., പി.എം എന്ന രീതിയിൽ കണ്ടെത്തി പറയുന്നു
- 24 മണിക്കൂർ ക്ലോക്കിലെ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റി പറയുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സമയ രേഖ തയ്യാറാക്കുന്നു
- സങ്കലന പ്രശ്നങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു
- വ്യവകലന ക്രിയകൾ പരിഹരിക്കുന്നു



45

- ചതുരം, സമചതുരം, ത്രികോണം എന്നിവയുടെ ചുറ്റളവ് കണ്ടെത്തുന്നു.
- ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നു
- സംഖ്യാ ബന്ധങ്ങൾ കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കൽ
- ഹരണക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തൽ
- തന്നിട്ടുള്ളവയെ 1/2, 1/4, 3/4 എന്നിവയാക്കുന്നു
- ചെറിയ അളവുകൾ സൂക്ഷമതയോടും, കൃത്യതയോടും അളക്കുന്നു
- നീളത്തിന്റെ വലിയ യൂണിറ്റിനെ ചംറിയ യൂണിറ്റുമായി ബന്ധിപ്പിക്കുന്നു
- ഭാരതത്തിന്റെ വിവിധ യൂണിറ്റുകൾ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തുന്നു
- പ്രശ്ന പരിഹരണ ദത്തങ്ങളെ പട്ടികപ്പെടുത്തൽ
- പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കൽ
- ശേഖരിച്ച വിവരങ്ങളെ വരകൾ/ചിത്രങ്ങൾ എന്നിവയിലൂടെ സൂചിപ്പിക്കുന്നു
- പതിനായിരത്തെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു
- അഞ്ചക്ക സംഖ്യകളെ സ്ഥാന വിലയ്ക്കനുസരിച്ച് പിരിച്ചെഴുതുന്നു. ചെറുത്/വലുത് കണ്ടെത്തുന്നു. വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്ന അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.

**പ്രവർത്തന പദ്ധതി**

**ജൂൺ**

- നാലക്കസംഖ്യകൾ എണ്ണുകയും, എഴുതുകയും, വായിക്കുകയും ചെയ്യുന്നു
- 1000 ത്തിനെ 100/10 ന്റെയും കൂട്ടങ്ങളാക്കുന്നു
- സംഖ്യകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്തി 1000 നെ 2/3 സംഖ്യകളുടെ തുകയായി എഴുതുന്നു
- സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു
- കാർഡ് കളിയിലൂടെ കാർഡുകളുടെ സ്ഥാന വിലയ്ക്കനുസരിച്ച് സംഖ്യകൾ കണ്ടെത്തുന്നു. പിരിച്ചെഴുതുന്നു
- സംഖ്യകളെ താരതമ്യം ചെയ്ത് വലുത്/ചെറുത് കണ്ടെത്തുന്നു. ക്രമീകരിക്കുന്നു
- പാറ്റേണിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തി അതിന്റെ യുക്തി സമർഥിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുന്നു



46

**ജൂലൈ**

- സമയവുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രവർത്തനങ്ങൾ ചെയ്യുന്നു
- 12 മണിക്കൂർ ക്ലോക്കിലെ സമയത്തെ 24 മണിക്കൂറിലും തിരിച്ചും ആക്കുന്നു
- കുടുംബത്തിന്റെ ജൻമദിന കലണ്ടർ തയ്യാറാക്കുന്നു
- ഇംഗ്ലീഷ് മാസത്തിലെ ഒരു തീയതിക്ക് സമാനമായ മറ്റു വർഷ തീയതികൾ കണ്ടെത്തുന്നു

**ആഗസ്റ്റ്**

- 4 അക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിന് വ്യത്യസ്ത മാർഗങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു
- സങ്കലന ക്രിയയിൽ സ്ഥാന വിലയുടെ പ്രധാന്യം തിരിച്ചറിയുന്നു
- സംഖ്യാശ്രേണി പൂർത്തിയാക്കുന്നു. പുതിയ സംഖ്യാ ശ്രേണി രൂപീകരിക്കുന്നു
- 1/10 കളുടേയും സ്ഥാനങ്ങളിൽ പൂജ്യം വരുന്ന സംഖ്യകൾ തമ്മിലുള്ള തുക കാണുന്നതിനുള്ള എളുപ്പ മാർഗങ്ങൾ തിരിച്ചറിയുന്നു
- മനകണക്കുകൾ ചെയ്യുന്നു

**സെപ്തംബർ**

- വ്യത്യസ്ത വ്യവകലന ക്രിയകൾ ചെയ്യുന്നു
- പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു
- സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു

**ഒക്ടോബർ**

- വ്യത്യസ്ത രൂപങ്ങളിൽ നിന്നും മൂലകളുടെ എണ്ണം, വശങ്ങളുടെ പ്രത്യേകത, വശങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ കണ്ടെത്തുന്നു
- ചതുരം, ത്രികോണം, സമചതുരം എന്നിവ നിർമ്മിക്കുന്നു
- ചുറ്റളവ് കണ്ടെത്തുന്നു
- ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നു
- ചുറ്റുപാടുനുള്ള വസ്തുക്കളിൽ നിന്ന് ത്രിമാന രൂപങ്ങൾ കണ്ടെത്തുന്നു

**നവംബർ**

- പ്രായോഗിക സന്ദർഭങ്ങളിലൂടെ ഗുണന ക്രിയകൾ ഉപയോഗിക്കുന്നു

- പൂജ്യത്തിൽ അവസാനിക്കുന്ന സംഖ്യകൾ കൊണ്ടുള്ള ഗുണന ക്രിയകൾ
- ഒന്നു മുതൽ തുടർച്ചയായ ഒറ്റ സംഖ്യകളുടെ തുക പട്ടികപ്പെടുത്തുന്നു. തുടർച്ചയായ രണ്ട് ഒറ്റ സംഖ്യകളുടെ തുക പട്ടികപ്പെടുത്തുന്നു. ഒറ്റ സംഖ്യകളുടെ തുകയെ സംബന്ധിച്ച നിഗമനം രൂപീകരിക്കുന്നു
- ഒരു നിശ്ചിത എണ്ണൽ സംഖ്യ മുതൽ ഇടത്തോട്ടും, വലത്തോട്ടും ക്രമമായി എഴുതി തുക കണ്ടെത്തുന്നു
- സംഖ്യാശ്രേണിയിൽ പുതിയ പാറ്റേണുകൾ രൂപീകരിക്കുന്നു

**ഡിസംബർ**

- സംഖ്യകൾ തുല്ല്യമായി പങ്കുവയ്ക്കേണ്ട സന്ദർഭങ്ങളിൽ ഹരണ ക്രിയകളിലൂടെയും കടന്നുപോകുന്നു
- ഹാരകം, ഹരണഫലം, ശിഷ്ടം, ഹാര്യം ഇവ തമ്മിലുള്ള ബന്ധം ബോധ്യപ്പെടുന്നു

**ജനുവരി**

- രൂപങ്ങളെ പകുതി ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. നിറം നൽകുന്നു. (1/2)
- സ്ഥലത്തെ 4 തുല്ല്യ ഭാഗങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു

**ഫെബ്രുവരി**

- നീളത്തിന്റെ ചെറിയ യൂണിറ്റുകളെ തിരിച്ചറിയുന്നു.
- ഭാരത്തിന്റെ യൂണിറ്റുകളെ പ്രായോഗിക പ്രശ്നത്തിലൂടെ മനസ്സിലാക്കുന്നു
- മനക്കണക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു

**മാർച്ച്**

- പട്ടികകളിൽ നൽകിയിരിക്കുന്ന വിവരങ്ങളെ അപാഗ്രഥിക്കുകയും, വ്യാഖ്യാനിക്കുകയും, നിഗമനം രൂപീകരിക്കുകയും ചെയ്യുന്നു
- 10000 ത്തെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുൽ
- അഞ്ചക്ക സംഖ്യകൾ രൂപീകരിക്കൽ
- സംഖ്യകളെ താരതമ്യം ചെയ്യൽ. വലിത് ചെറുത് കണ്ടെത്തുന്നു
- ബാങ്ക് നിക്ഷേപവുമായി ബന്ധപ്പെട്ട സംഖ്യകളെ അക്കത്തിലും, അക്ഷരത്തിലും എഴുതുന്നു